മലപ്പുറം	₹	9,42,156
കോഴിക്കോട്	₹	16,64,629
വയനാട്	₹	1,97,687
കണ്ണൂർ	₹	6,47,076
കാസർഗോഡ്	₹	2,80,000

(എഫ്) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ ഒഴിവാക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

കയർ മേഖലയെ ശക്തിപ്പെടുത്താൻ നടപടികൾ

206(3129) ശ്രീ. എസ്. ശർമ്മ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കയർ മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) ഇതുമൂലം കയർ മേഖലയിൽ ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) കയർ മേഖലയെ ശക്തിപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച ചില പ്രധാന നടപടികൾ ചുവടെ കൊടുക്കുന്നു.

1. പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിച്ചു;

2. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406, 8,96,92,648, 1,45,25,260 രൂപയും നടപ്പുവർഷം 8,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു

LIBRARY ARCHIVES Kerala Legislative Assembly

3. കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞകൂലി 360 രൂപയായും വർദ്ധിപ്പിച്ചു.

4. കയർപിരി, ഡീ-ഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.

5. കയർപിരി, തൊണ്ട് സംഭരണം ശക്തമാക്കുവാൻ കയർപിരി സംഘങ്ങൾക്ക് 1,00,000 രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകിയും പച്ചത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 10 പൈസയിൽനിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 7.5 പൈസയിൽനിന്നും 10 പൈസയായി വർദ്ധിപ്പിച്ചും തൊണ്ടു സംഭരിക്കുന്ന അംഗത്തിന് നൽകിയിരുന്ന പ്രതിദിന ബത്ത 100 രൂപയിൽനിന്നും 150 രൂപയായി വർദ്ധിപ്പിച്ചും തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

6. കയർപിരി കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-2012-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149/രൂപയും 2013-2014-ൽ 11,20,75,971 രൂപയും നടപ്പുവർഷം ഇതുവരെ 5,30,88,482 രൂപയും അനുവദിച്ചു

7. കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും ആഭ്യന്തര-വിദേശ വിപണി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കയർ കേരള അന്താരാഷ്ട്ര പ്രദർശനമേള 2012, 2013, 2014 എന്നീ വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു.

8. ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.

9. കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി

ലഭ്യമാക്കുന്നതിനായി കയർഫെഡിന് 2013-14-ൽ 4,86,20,000 രൂപ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

10. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ ഒരു പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകി.

11. കയർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 2012-13 വർഷം 18,39,60,000 രൂപയും 2013-14 വർഷം 4,62,37,000 രൂപയും 2014-15 വർഷം 2,00,00,000 രൂപയും അനുവദിച്ചു.

(ബി) പ്രസ്തുത നടപടികൾമൂലം കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കാനും അതുവഴി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനും സാഹചര്യമൊരുങ്ങി. ചില പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു :

1. കയർ മേഖലയിൽ കൂലി വർദ്ധനവ് നടപ്പിലാക്കിയതുമൂലം ഈ മേഖലയിൽ നിന്നും ഉണ്ടായിരുന്ന തൊഴിലാളികളുടെ കൊഴിഞ്ഞു പോക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. കൂലി വർദ്ധനവ് നടപ്പിലാക്കിയതിനാൽ കൂടുതൽ തൊഴിലാളികൾ തൊഴിൽ സന്നദ്ധരായി കയർ മേഖലയിലേയ്ക്ക് വരുന്ന സാഹചര്യം ഉണ്ടായി. കയർ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ഉണ്ടാക്കുവാനും ഇതുമൂലം കഴിഞ്ഞിട്ടുണ്ട്.

2. പുനരുദ്ധാരണ പദ്ധതിപ്രകാരം കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകിയതുമൂലം കൂടുതൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പ്രസ്തുത പദ്ധതിപ്രകാരം 2011-12-ൽ 388 സംഘങ്ങൾക്കും 2012-13-ൽ 440 സംഘങ്ങൾക്കും 2013-14-ൽ 78 സംഘങ്ങൾക്കും പ്രവർത്തനമൂലധനം ലഭിച്ചിട്ടുണ്ട്.

3. ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി നൽകിയത് മേഖലയിലെ പ്രതിസന്ധി വലിയൊരളവുവരെ പരിഹരിക്കുന്നതിനും സാധിച്ചു. കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ് 23 വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും, 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി.

LIBRARY ARCHIVES Kerala Legislative Assembly

4. ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

5. കയർ സംഭരണത്തിനായി 2012-13, 2013-14 വർഷങ്ങളിൽ കയർഫെഡിന് പ്രവർത്തന മൂലധനമായി 5 കോടി രൂപ വീതം അനുവദിച്ചു.

6. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു

7. ക്രയവില സ്ഥിരതാപദ്ധതി പ്രകാരമുള്ള സെയിൽസ് ടേൺ ഓവർ 2011-12, 2012-13, 2013-14 വർഷങ്ങളിൽ യഥാക്രമം 5093.82 ലക്ഷം രൂപയും 5996.17 ലക്ഷം രൂപയും 8749.98 ലക്ഷം രൂപയായും വർദ്ധിച്ചു.

8. ഇൻകം സപ്പോർട്ട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നു.

9. കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.

10. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു

11. കയർ പൊതുമേഖലാ സ്ഥാപനങ്ങളേയും കയർഫെഡിനേയും കയർ മേഖലയിലെ സഹകരണ സംഘങ്ങളേയും അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചു.

കയർ ആഭ്യന്തര വിപണിയും

207(3130) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പാലോട് രവി :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർമേഖലയിലെ ആഭ്യന്തര വിപണിയുടെ സാധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly